DECEMBER 2023 **U/ID 30730/ULD3A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. തങ്ങും നിൻ ചുവടുകൾ ദേവി, മാഞ്ഞു പോകാ - എവിടെയെല്ലാമാണ് ചുവടുകൾ പ്രത്യക്ഷ മാകുന്നത്?

2. എന്നാലിതോർക്കണം മൂടൽമഞ്ഞാർന്നോരു

   കുന്നെങ്ങീ പ്രാലേയ ശൈലമെങ്ങോ? ആരാണ് ഇങ്ങനെ ചോദിക്കുന്നത്? എന്തിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്?

3. ചിതൽ തിന്ന പുറവാതിലിൽക്കൂടിയലഞ്ഞൂ - എന്ത്? സന്ദർഭമേത്?

4. തെല്ലൊരു തുണ മതി, യൊന്നു പിടിക്കൂ - ആരോടാണ് ഇങ്ങനെ പറയുന്നത്? എപ്പോൾ?

5. പെറ്റമ്മയാം പാരിനു മാലണയ്പ്പൂ - ആര്? എങ്ങനെ മറയണമെന്നാണ് കവി പറയുന്നത്?

6. ക്രൂരദാഹം പോക്കുകെന്നോ നിൻ നിദേശം ദേവി? - എങ്ങനെ? ആരുടെ ദാഹം?

7. എത്ര ദുർബലനായ വേടൻ - ഇവിടെ അർത്ഥമാക്കുന്നതെന്ത്?

8. ഏതോ ചിറകു മുളയ്ക്കും - എന്തിന്?

9. രണ്ടാമൻ തിന്നപ്പെടുന്നു - ആര്?

10. നിനക്കു വേണ്ടതു സ്വാതന്ത്ര്യമല്ലേ, ഇവിടെ അതേയുള്ളൂ - എങ്ങനെ?

11. ഘോരതമസ്സിലേക്കൊട്ടൊട്ടു നീങ്ങി ഞാൻ - എപ്പോൾ? എന്തുകൊണ്ട്?

12. എവിടെ മാന്തളിർ ചാർത്തുവാൻ സമയമായി എന്നാണ് കവി പറയുന്നത്? എങ്ങനെ പറന്നുവരുമെന്ന് സൂചിപ്പിക്കുന്നു?

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. മലയാള കവിതയ്ക്ക് ഒരു കത്ത് എന്ന കവിതയുടെ പ്രസക്തി വിലയിരുത്തുക.

14. കാവിലെ പാട്ട് കൈകാര്യം ചെയ്യുന്ന ദാർശനിക വിഷയങ്ങളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

15. പ്രശസ്തമായ ഒരു കഥ സുഗതകുമാരിയുടെ കാവ്യാനുഭവമാകുമ്പോൾ വന്നുചേരുന്ന മാറ്റങ്ങൾ കണ്ടെത്തുക.

16. പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ എന്ന കവിതയിലെ ആശയമെന്ത്?

17. ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി എന്ന കവിതയിലെ പ്രമേയം ചർച്ച ചെയ്യുക.

18. മരണത്തെ ഉപാസിക്കുകയാണ് ഇടപ്പള്ളിയെന്ന് വ്യക്തമാക്കുന്ന സന്ദർഭങ്ങൾ ഏറെയുണ്ട് - കവിതയെ ആസ്പദമാക്കി വിശദമാക്കുക.

19. സർവേ ഓഫ് ഇന്ത്യ അവതരിപ്പിക്കുന്ന പച്ചയായ യാഥാർത്ഥ്യങ്ങൾ കവിതയ്ക്ക് പുതിയ മാനം നൽകുന്നു - വിശദീകരിക്കുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ
മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. പെരുന്തച്ചൻ എന്ന കവിതയിലെ പ്രമേയം അച്ഛനും തച്ചനും ഇടയിലുള്ള ആത്മസംഘർഷമാണ് - സ്വാഭിപ്രായം രേഖപ്പെടുത്തുക.

21. കാവ്യകലയിൽ കവിതയിലെ സൗന്ദര്യാവിഷ്കാരമാണ് വിഷയം - കവിയുടെ അഭിപ്രായം വിലയിരുത്തുക.

22. കളിയച്ഛനിൽ കവിയുടെ മാനസികാവസ്ഥയാണ് പ്രതിഫലിക്കുന്നത് - ചർച്ച ചെയ്യുക.

23. മലയാളത്തിലെ പുതിയ കവിതകളിൽ വ്യക്തിപരമായ അനുഭവങ്ങൾ ഏറെക്കാണാനാവും - ശരിയോ? ഉപന്യസിക്കുക.

24. കവിതകൾ കൂടുതൽ അർത്ഥതലങ്ങളിലേക്ക് സഞ്ചരിക്കുന്നവയാണ് - പുതിയ കവിതകളെ അടിസ്ഥാനമാക്കി വിവരിക്കുക.

———————